# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 05.10.2025**

### പ്രധാനവാർത്തകൾ

1. കഴിഞ്ഞ ആറ് വർഷത്തിനിടെ രാജ്യത്ത് 17 കോടി അധിക തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായി കേന്ദ്ര സർക്കാർ.
2. രാജ്യത്ത് ഏഴു മുതൽ 15 വരെ പ്രായമുള്ള കുട്ടികളുടെ ബയോമെട്രിക് അപ്ഡേഷൻ ഒരു വർഷത്തേക്ക് സൗജന്യമാക്കി.
3. നവരാത്രി അവധിയുടെ ഇടവേളയ്ക്ക് ശേഷം പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം നാളെ പുനരാരംഭിക്കും .
4. ശബരിമല സ്വർണപ്പാളി വിവാദവുമായി ബന്ധപ്പെട്ട് ഉണ്ണികൃഷ്ണൻ പോറ്റിയെ ദേവസ്വം വിജിലൻസ് ചോദ്യം ചെയ്തു.
5. ഇ. സന്തോഷ് കുമാറിൻറെ തപോമയിയുടെ അച്ഛൻ എന്ന കൃതിയ്ക്ക് വയലാർ അവാർഡ്.
6. ഐസിസി വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. മത്സരം കൊളംബോയിൽ ഉച്ച കഴിഞ്ഞ് 3 മണിക്ക്.

&&&&&&&&&&&&&&

RNU TVPM

## തൊഴിൽ മന്ത്രാലയം

ആറ് വർഷത്തിനിടെ രാജ്യത്ത് ഏകദേശം 17 കോടി അധിക തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായി കേന്ദ്ര സർക്കാർ. 2017-18-ൽ 47 കോടി 50 ലക്ഷമായിരുന്ന രാജ്യത്തെ തൊഴിലവസരങ്ങൾ 2023-24-ൽ 64 കോടി 33 ലക്ഷമായി ഉയർന്നതായി തൊഴിൽ മന്ത്രാലയം വ്യക്തമാക്കി . കൂടാതെ, തൊഴിലില്ലായ്മ നിരക്ക് 6 ശതമാനത്തിൽ 3.2 ശതമാനമായി കുത്തനെ കുറഞ്ഞു. കഴിഞ്ഞ ഏഴ് വർഷത്തിനിടെ 1 കോടി 56 ലക്ഷത്തിലധികം സ്ത്രീകൾ തൊഴിൽ നേടിയതോടെ തൊഴിൽ മേഖലയിലെ മുന്നേറ്റത്തിന് നേതൃത്വം നൽകുന്നത് സ്ത്രീകളാണെന്നും സ്കിൽ ഇന്ത്യ, റോസ്ഗർ മേളകൾ, പിഎം വിശ്വകർമ പദ്ധതി, MGNREGA, പിഎം വിക്സിത് ഭാരത് റോജ്ഗർ യോജന, ലഖ്പതി ദീദി പദ്ധതി തുടങ്ങിയ സംരംഭങ്ങളും ഈ വളർച്ചയ്ക്ക് കാരണമായെന്നും മന്ത്രാലയം അറിയിച്ചു.

RNUTVPM

&&&&&&&&&&&&&&

## ആധാർ അപ്ഡേഷൻ

ഏഴു മുതൽ 15 വരെ പ്രായമുള്ള കുട്ടികളുടെ ബയോമെട്രിക് അപ്ഡേഷൻ ഒരു വർഷത്തേക്ക് സൗജന്യമാക്കി. ഏകദേശം ആറുകോടി കുട്ടികൾക്ക് ആനുകൂല്യം ലഭിക്കുമെന്ന് യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചു. അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആധാർ നൽകുമ്പോൾ അടിസ്ഥാനരേഖകളായി ഫോട്ടോ, പേര്, ജനനത്തീയതി, ലിംഗം, വിലാസം തുടങ്ങിയ വിവരങ്ങൾ മാത്രമാണ് നൽകേണ്ടത്. വിരലടയാളവും ഐറിസ് സ്കാനും ആ പ്രായത്തിൽ പകർത്താറില്ല. അഞ്ച് വയസ്സിൽ അവ പൂർണമായി വികസിക്കില്ല എന്നതിനാലാണ് ഈ നടപടി. 15 വയസ്സ് തികയുമ്പോൾ ബയോമെട്രിക് വിവരങ്ങൾ വീണ്ടും പുതുക്കണം.

&&&&&&&&&&&&&&

## മുഖ്യമന്ത്രി - കൊല്ലം

കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിൽ ലളിതകലാ അക്കാദമി സ്ഥാപിക്കുന്ന മ്യൂസിയം മുഖ്യമന്ത്രി

പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. വിഖ്യാത ചിത്രകാരൻ എ. രാമചന്ദ്രൻ്റെ ചിത്രങ്ങളും ശില്പങ്ങളുമാണ് മ്യൂസിയത്തിൽ പ്രദർശിപ്പിക്കുക.

&&&&&&&&&&&&&&

## ജൈവ വൈവിദ്ധ്യ സമ്പർക്ക സദസ്സ്

സംസ്ഥാന ജൈവ വൈവിദ്ധ്യ അവാർഡ് ദാനവും സമ്പർക്ക സദസും ഈ മാസം 7ന് നിയമസഭാ മന്ദിരത്തിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സ്പീക്കർ എ.എൻ ഷംസീർ അദ്ധ്യക്ഷനാകും. മന്ത്രി എം.ബി രാജേഷും പ്രതിപക്ഷ നേതാവ് വി.ഡി സതീനും മുഖ്യാതിഥികളാകും. ജൈവവൈവിദ്ധ്യ ബോർഡിൻറെ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനവും ഉണ്ടാകും.

&&&&&&&&&&&&&&

## നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം നവരാത്രി അവധിയുടെ ഇടവേളയ്ക്ക് ശേഷം നാളെ വീണ്ടും ചേരും. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും നാളെ നടക്കും. 2025 ലെ മലയാള ഭാഷാ ബിൽ, 2025 ലെ കേരള പൊതു സേവനാവകാശ ബിൽ ഉൾപ്പെടെയുള്ള വിവിധ ബില്ലുകളുടെ അവതരണവും നാളെ സഭയിൽ നടക്കും. ഭരണഘടനയുടെ 346, 347 അനുച്ഛേദപ്രകാരം സംസ്ഥാനത്തെ എല്ലാം ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാള ഭാഷ ഉപയോഗിക്കണമെന്ന് ബിൽ വ്യവസ്ഥ ചെയ്യുന്നു. മലയാള ഭാഷാ വികസന ഡയറക്ടറേറ്റും രൂപവത്കരിക്കും.

&&&&&&&&&&&&&&

## നവരാത്രി (ഇൻട്രോ)

തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങൾക്ക് ശേഷം മാതൃ ക്ഷേത്രങ്ങളിലേക്കുള്ള നവരാത്രി വിഗ്രഹങ്ങളുടെ മടക്ക യാത്ര തുടരുന്നു. ഇന്നലെ രാവിലെ 8 മണിയോടെയാണ്

RNI TVPM

തിരുവനന്തപുരത്ത് നിന്ന് നവരാത്രി വിഗ്രഹങ്ങളുടെ മടക്ക യാത്ര ആരംഭിച്ചത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....**

(വോയ്സ്)

&&&&&&&&&&&&&&

<u>ഉണ്ണികൃഷ്ണൻ പോറ്റി ചോദ്യം ചെയ്യൽ</u>

ശബരിമല ക്ഷേത്രത്തിലെ സ്വർണപ്പാളി വിഷയത്തിൽ ഉണ്ണികൃഷ്ണൻ പോറ്റിയെ തിരുവനന്തപുരത്തെ ദേവസ്വം ബോർഡ് ആസ്ഥാനത്ത് ചോദ്യം ചെയ്യു. ദേവസ്വം വിജിലൻസ് എസ് പിയുടെ നേതൃത്വത്തിലായിരുന്നു ചോദ്യം ചെയ്യൽ. ഉണ്ണികൃഷ്ണൻ പോറ്റിയുടെ സാമ്പത്തിക ഇടപാടുകളും വിജിലൻസ് പരിശോധിക്കുന്നുണ്ട്. ഇന്നലെ നൽകിയ മൊഴികളിൽ പൊരുത്തക്കേട് കണ്ടെത്തിയതോടെയാണ് ഇന്ന് വീണ്ടും ചോദ്യം ചെയ്യാൻ വിളിച്ചു വരുത്തിയത്.

RNU TVPM

&&&&&&&&&&&&&&

<u>ബാലഗോപാൽ (ഇൻട്രോ)</u>

വലിയ കടക്കെണിയിലേക്ക് പോകുന്ന സംസ്ഥാനങ്ങളിൽ കേരളം ഉൾപ്പെടുന്നില്ല എന്നാണ് ഏറ്റവും ഒടുവിലത്തെ സിഎജി റിപ്പോർട്ട് വ്യക്തമാക്കുന്നതെന്ന് മന്ത്രി കെ. എൻ ബാലഗോപാൽ. കൊട്ടാരക്കരയിൽ വിഷൻ 2031 വികസിത സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളിൽ നിന്നുള്ള ഊർജ്ജം ഉൾക്കൊണ്ടാണ് ജനപ്രതിനിധികൾ പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

&&&&&&&&&&&&&&

<u>വയലാർ അവാർഡ്</u>

വയലാർ രാമവർമ്മ സാഹിത്യ പുരസ്കാരം ഇ. സന്തോഷ് കുമാറിന്. തപോമയിയുടെ അച്ഛൻ എന്ന കൃതിയ്ക്കാണ് പുരസ്കാരം.

&&&&&&&&&&&&&&

## സൺഡേസ് ഓൺ സൈക്കിൾ

ഇന്ന് ലോക അധ്യാപക ദിനത്തിൽ ഡൽഹി മേജർ ധ്യാൻ ചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ ഫിറ്റ് ഇന്ത്യ സൺഡേസ് ഓൺ സൈക്കിൾ പ്രത്യേക പതിപ്പിൽ കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ മുഖ്യാതിഥിയായി പങ്കെടുത്തു . എല്ലാ പൗരന്മാരും തങ്ങളുടെ ഗുരുക്കന്മാരെ ബഹുമാനിക്കാനും ആരോഗ്യത്തിനും സ്വാശ്രയത്വത്തിനും വേണ്ടി പ്രതിജ്ഞയെടുക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു. സ്പോർട്സിനൊപ്പം ഒരു മണിക്കൂർ എന്ന ഫിറ്റ് ഇന്ത്യ മുദ്രാവാക്യം പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം, ഭാവി ചാമ്പ്യന്മാരെ പ്രചോദിപ്പിക്കുന്നതിലും അധ്യാപകർ വഹിക്കുന്ന പങ്കിനെ അംഗീകരിച്ച് ലോക അധ്യാപകദിനത്തിലെ ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിൾ പരിപാടി അധ്യാപകർക്ക് ആദരമായാണ് സമർപ്പിച്ചിരിക്കുന്നത്.

&&&&&&&&&&&&&&

## സ്വദേശി ക്യാമ്പയിൻ

കൈത്തറി, കരകൗശല, തുണിത്തര ഉല്പന്നങ്ങളുടെ ആഭ്യന്തര ഉപഭോഗം വർധിപ്പിക്കാൻ 'സ്വദേശി പ്രചാരണവുമായി' ടെക്സ്റ്റൈൽസ് മന്ത്രാലയം. തദ്ദേശീയ വസ്ത്രങ്ങളുടെ ഉപയോഗം വർധിപ്പിക്കുക, യുവജനങ്ങൾക്കിടയിൽ ഇന്ത്യൻ വസ്ത്രങ്ങളെ അഭിമാനത്തിൻ്റെയും ഫാഷൻ്റെയും ചിഹ്നമായി ഉയർത്തിക്കാട്ടുക, ആത്മനിർഭർ ഭാരത് ആശയത്തിന് പ്രാധാന്യം നൽകുക തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്. സ്വദേശി വസ്ത്രം രാജ്യത്തിൻ്റെ അഭിമാനം, ഭാരതത്തിൻ്റെ അടയാളം എന്ന മുദ്രാവാക്യത്തോടെയാണ് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&

## സ്വച്ഛഭാരത സേവ - കണ്ണൂർ

സ്വച്ഛഭാരത സേവ 2025ന്റെ ഭാഗമായി കണ്ണൂർ ചിറക്കൽ ശ്രീമംഗലം വയോജന സേവാ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ചിറക്കൽ ചിറയുടെ സമീപം ശുചീകരണം നടത്തി. രാവിലെ സേവാ കേന്ദ്രത്തിലെ അംഗങ്ങളും വിവിധ റസിഡൻസ്

RNU TVPM

അസോസിയേഷനും ചേർന്നാണ് ശുചീകരണ പ്രവർത്തനം നടത്തിയത്. ചിറക്കൽ ഗ്രാമപഞ്ചായത്ത് അംഗം കെ വി സിന്ധു ഉദ്ഘാടനം ചെയ്തു

&&&&&&&&&&&&&&

**കണ്ണൂർ - തിരുനാൾ (ഇൻട്രോ)**

മാഹി സെയിന്റ് തെരേസാ ബസിലിക്കയിലെ വിശുദ്ധ അമ്മ ത്രേസ്യയുടെ തിരുനാളിന് കോടിയേറി.
റെക്ടർ ഫാ. സെബാസ്റ്റ്യൻ കാരക്കാ ട്ടിലിന്റെ മുഖ്യ കാർമികത്വത്തിലാണ് കൊടിയേറ്റം നടന്നത്.
**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രധിനിധി കെ ഒ ശശിധരൻ......**
(വോയ്സ്)

&&&&&&&&&&&&&&

**മന്ത്രി റിയാസ് - റെയിൽവേ മേൽപ്പാലം**

ലെവൽ ക്രോസുകൾ ഇല്ലാത്ത കേരളമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് പൊതുമരാമത്ത് മന്ത്രി പി.എ മുഹമ്മദ് റിയാസ്. കിഫ്ബി സഹായത്തോടെ 99 റെയിൽവേ മേൽപ്പാലങ്ങളാണ് നിർമിക്കുക. ഇതിൽ 23 എണ്ണത്തിൽ കേന്ദ്ര സർക്കാർ പങ്കാളിത്തമുണ്ടാകുമെന്നും മന്ത്രി അറിയിച്ചു. ആലുവ പുറയാർ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

RNU TVPM

&&&&&&&&&&&&&&

**സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണം**

സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണത്തോടനുബന്ധിച്ച് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഇന്ന് ഏറ്റെടുക്കുന്നത്. പഠനം ഉൽസവമാക്കുന്ന എം. ആർ എസുകളിലും ഹോസ്റ്റലുകളിലും സാമൂഹ്യ പഠനമുറികളിലും പ്രത്യേക പരിപാടികൾ നടത്തുമെന്ന് മന്ത്രി ഓ ആർ കേളു സമൂഹമാധ്യമത്തിലൂടെ അറിയിച്ചു . ഈ മാസം രണ്ടു മുതൽ 15 വരെയാണ് സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണം.

&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. ശക്തി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ കടൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുള്ളതിനാൽ വടക്കു പടിഞ്ഞാറൻ അറബിക്കടൽ, വടക്കു കിഴക്കൻ അറബിക്കടൽ, മധ്യ അറബിക്കടൽ എന്നിവിടങ്ങളിൽ ചൊവ്വാഴ്ച്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&

## ക്രിക്കറ്റ്

ഐസിസി വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ രണ്ടാമത്തെ മത്സരത്തിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും.

കൊളംബോയിലെ ആർ.പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 3 മണിക്കാണ് മത്സരം. ഇന്ത്യൻ വനിതകൾ തങ്ങളുടെ ആദ്യ മത്സരത്തിൽ ശ്രീലങ്കയെ 59 റൺസിന് തോൽപ്പിച്ചു

RNU TVPM

&&&&&&&&&&&&&&

## കേരള സൂപ്പർ ലീഗ്

കേരള സൂപ്പർ ലീഗിൻറെ രണ്ടാം സീസണിൽ തിരുവനന്തപുരം കൊമ്പൻസ് ഇന്ന് കളത്തിലിറങ്ങും. കണ്ണൂർ വാരിയേഴ്സുമായാണ് പോരാട്ടം.

&&&&&&&&&&&&&&

&&&&&&&&&&&

&&&&&&&&